# മത്സര നിബന്ധനകൾ

## കളറിംഗ്

1. കിഡ്സ് ഗ്രൂപ്പ് – മീഡിയം – ക്രയോൺസ്
2. സബ് ജൂനിയർ – മീഡിയം – കളർ പെൻസിൽ
3. ജൂനിയർ – മീഡിയം – വാട്ടർ കളർ
4. സീനിയർ – പെൻസിൽ ഡ്രോയിംഗ്
5. പരമാവധി 1 മണിക്കൂർ സമയം അനുവദിക്കുന്നതായിരിക്കും.
6. ക്രയോൺസ്, പെൻസിൽ, വാട്ടർ കളർ, കളർ പെൻസിൽ തുടങ്ങി മത്സരത്തിനാവശ്യമായവ എല്ലാം മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. എന്നാൽ വരയ്ക്കുവാൻ ആവശ്യമായ പേപ്പർ മത്സരസമയത്ത് നല്കുന്നതായിരക്കും.
7. ഒന്നും രണ്ടും ഗ്രൂപ്പിന് മത്സരത്തിനുള്ള സ്കെച്ച് നൽകുന്നതായിരക്കും.
8. മൂന്നാം ഗ്രൂപ്പിന് ഒബ്ജക്ട് അടിസ്ഥാനമാക്കിയും, നാലാം ഗ്രൂപ്പിന് സബ്ജക്ട് അടിസ്ഥാനമാക്കിയും ആയിരിക്കും മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

## ആക്ഷൻ സോംഗ്

1. പരമാവധി സമയം 3 മിനിട്ട്.
2. പാട്ടിനും ആക്ഷനും തുല്യ പ്രാധാന്യം നൽകിയിരിക്കുന്നു.
3. പശ്ചാത്തല സംഗീതം അനുവദനീയമല്ല.

## ഗാനം

1 പരമാവധി സമയം 4 മിനിട്ട്.

2. ക്രിസ്തീയ ഗാനങ്ങൾ മാത്രം അനുവദനീയം
3. പശ്ചാത്തല സംഗീതം അനുവദനീയമല്ല.

## ഫാൻസിഡ്രസ്

1. പരമാവധി സമയം 2 മിനിട്ട്.
2. രംഗസജ്ജീകരണത്തിന് 1 മിനിട്ട് നല്കുന്നതായിരിക്കും.
3. സാമൂഹിക പ്രസക്ത വിഷയം അവതരിപ്പിക്കാവുന്നതാണ്, എന്നാൽ ക്രിസ്തീയ അന്തരീക്ഷത്തിന് യോജിച്ചതായിരിക്കണം.
4. പശ്ചാത്തല സംഗീതം, ലൈറ്റിംഗ് എന്നിവ അനുവദനീയമല്ല.

## നാടോടി നൃത്തം

1. ഡാൻസിനാവശ്യമായ പാട്ട് CD യിൽ റെക്കോർഡ് ചെയ്ത് മത്സരാർത്ഥിയുടെ പേരെഴുതി തരേണ്ടതാകുന്നു. മറ്റു പാട്ടുകളൊന്നും ആ CD യിൽ ഉണ്ടാകുവാൻ പാടില്ല.
2. അവതരണത്തിന് പരമാവധി സമയം 7 മിനിട്ട്.
3. ലൈറ്റിംഗ് അനുവദനീയമാണ്.
4. സിനിമാറ്റിക്, ഡിസ്ക്കോ, വെസ്റ്റേൺ എന്നീ ഇനങ്ങളിൽപ്പെട്ടവ അവതരിപ്പിക്കാൻ പാടില്ല.
5. മേക്കപ്പ് അവരവർ തന്നെ ക്രമീകരിക്കേണ്ടതാകുന്നു.

## പ്രസംഗം

1. പരമാവധി സമയം 5 മിനിട്ട്.
2. വിഷയം മുൻകൂട്ടി നല്കുന്നതായിരിക്കും.
3. മലയാളം, ഇംഗ്ലീഷ് ഭാഷകൾ അനുവദനീയം

## സ്റ്റോറി ടെല്ലിംഗ്

1. പരമാവധി സമയം 4 മിനിട്ട്.
2. ക്രിസ്തീയ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ ആയിരിക്കണം
3. മലയാളം, ഇംഗ്ലീഷ് ഭാഷകൾ അനുവദനീയം

**ബൈബിൾ വായന**

1. "Good News" – English Bible അടിസ്ഥാനമാക്കി ക്രമീകരിച്ചിരിക്കുന്നു.
2. ബൈബിൾ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാകുന്നു.
3. പരമാവധി സമയം 3 മിനിട്ട്.

**ഉപന്യാസം**

1. പരമാവധി സമയം 1 മണിക്കൂർ.
2. വിഷയം മുൻകൂട്ടി മത്സരാർത്ഥിയെ അറിയിക്കുന്നതായിരിക്കും.

**ഓർമ്മ പരിശോധന**

1. പരമാവധി സമയം 5 മിനിട്ട്.

**ബേബി മലങ്കര**

1. ബേബി കിംഗ് & ബേബി ക്യൂൻ എന്നിവരെ പ്രത്യേകം തിരഞ്ഞെടുക്കുന്നു. വേഷം, മേക്കപ്പ്, അവതരണം എന്നിവ മാനദണ്ഡം.
2. പരമാവധി സമയം 3 മിനിട്ട്.
3. പശ്ചാത്തല സംഗീതം, ലൈറ്റിംഗ് എന്നിവ നൽകുന്നതായിരിക്കും.

**ക്വിസ്**

1. സബ് ജൂനിയർ – വി.യോഹന്നാന്റെ സുവിശേഷം
2. ജൂനിയർ – വി.മത്തായി & പുറപ്പാട്
3. സീനിയർ – സുവിശേഷങ്ങൾ & മലങ്കര സഭാചരിത്രം

**പൊതു നിർദ്ദേശങ്ങൾ**

1. മത്സരാർത്ഥികൾ L.K.G മുതൽ 12 ാം ക്ലാസ്സുവരെ പഠിക്കുന്നവരും, KMRM മതബോധന ക്ലാസ്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും ആയിരിക്കണം.
2. 1, 2, 3 സ്ഥാനങ്ങൾക്ക് യഥാക്രമം 5, 3, 1 എന്ന ക്രമത്തിൽ പോയിന്റുകൾ നിജപ്പെടുത്തിയിരിക്കുന്നു.
3. മത്സരാർത്ഥിക്ക് മേൽപ്പറഞ്ഞവയിൽ നിന്നും 5 ഇനങ്ങളിൽ മാത്രമേ മത്സരിക്കുവാൻ പറ്റുകയുള്ളൂ.
4. ഓരോ ഗ്രൂപ്പിൽനിന്നും ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്നവരെ മലങ്കര തിലകങ്ങളായി പ്രഖ്യാപിക്കുന്നതായിരിക്കും.
5. മത്സരസമയത്ത് മത്സരാർത്ഥികൾക്ക് മാത്രമേ സ്റ്റേജിൽ പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ. സ്റ്റേജ് ക്രമീകരണങ്ങൾക്കും, ലൈറ്റ് നിയന്ത്രണങ്ങൾക്കും പ്രോഗ്രാം കമ്മിറ്റി നിശ്ചയിച്ചിരിക്കുന്ന വ്യക്തികളുടെ സഹായം മാത്രം സ്വീകരിക്കാവുന്നതാണ്.
6. ഏതെങ്കിലും ഒരു മത്സരത്തിന് കുറഞ്ഞത് 4 മത്സരാർത്ഥികളെങ്കിലും രജിസ്റ്റർ ചെയ്തിട്ടില്ലാത്തപക്ഷം പ്രസ്തുത മത്സരം മത്സരയിനങ്ങളിൽ നിന്ന് ഒഴിവാക്കുന്നതും പ്രസ്തുത വിവരം മത്സരാർത്ഥിയെ മുൻകൂട്ടി അറിയിക്കുന്നതുമായിരിക്കും. അതിൻപ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന മത്സരാർത്ഥികൾക്ക് മറ്റ് മത്സരയിനങ്ങളിൽ നിന്ന് ഒന്ന് തെരഞ്ഞെടുക്കാവുന്നതുമായിരിക്കും.
7. മത്സരങ്ങളിൽ എന്തെങ്കിലും പരാതി ഉണ്ടാകുന്ന പക്ഷം അവ എഴുതി തയ്യാറാക്കി അതത് മത്സരം കഴിഞ്ഞ് 15 മിനിട്ടിനകം KD 10/- ഉൾപ്പെടെ ജനറൽ കൺവീനർക്ക് നൽകേണ്ടതാകുന്നു. പരാതി ജൂറി ഓഫ് അപ്പീൽ പരിശോധിക്കുന്നതും, ന്യായമെങ്കിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതും, കെട്ടിവച്ച തുക മടക്കി നൽകുന്നതുമായിരിക്കും.
8. മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ പേരുകൾ 2010 മെയ് 14 ന് മുമ്പായി മതബോധന വിഭാഗം ക്ലാസ്സ് റ്റീച്ചേഴ്സ്, ഹെഡ്മാസ്റ്റർ, എന്നിവരിൽ ആരെയെങ്കിലും ഏൽപ്പിക്കേണ്ടതാണ്.

9. KMRM പ്രസിഡന്റ് സി.എ ജോയി, അഡ്വ.ഷിബു ജേക്കബ്, ലിജു ഏബ്രഹം പാറയ്ക്കൽ എന്നിവർ ഉൾപ്പെടുന്നതായിരിക്കും ജൂറി ഓഫ് അപ്പീൽ.

10. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.